(ബി) സംസ്ഥാനത്ത് ഈ സർക്കാരിന്റെ കാലയളവിൽ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സായ കാറ്റിൽ നിന്നുള്ള 2 വൈദ്യുത പദ്ധതി 1.2MW, സോളാർ പദ്ധതി 11 MW എന്നിവയിൽ നിന്നാണ് വൈദ്യുത ഉൽപ്പാദനം ആരംഭിച്ചത്. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽനിന്നും വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി സൗരോർജ്ജ മേഖലയിൽ 10000 സൗരഗൃഹ പദ്ധതിയും സോളാർ ഗ്രിഡ് കണക്ട് പദ്ധതിയും ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. ഇതിനുപുറമേ വിവിധ കെട്ടിടങ്ങൾ കേന്ദ്രീകരിച്ച് അനെർട്ടിന്റെ സഹായത്തോടെ സൗരോർജ്ജത്തിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്ന 434.36 കിലോവാട്ട് മൊത്തം ശേഷിയുള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലുമാണ്. കൂടാതെ പാലക്കാട് ജില്ലയിലെ കഴൽമന്ദത്ത് 2 മെഗാവാട്ട് ശേഷിയുള്ള ഒരു സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കാനുള്ള പദ്ധതിയുടെ ടെണ്ടർ നടപടികൾ ആയിട്ടുണ്ട്.

(സി) മാലിന്യ സംസ്കരണത്തോടൊപ്പം വൈദ്യുതോല്പാദനം സാധ്യമാകുന്ന പദ്ധതികളുമായി ഏതെങ്കിലും തദ്ദേശഭരണ സ്ഥാപനങ്ങൾ മുന്നോട്ട് വരുകയാണെങ്കിൽ അതിനാവശ്യമായ എല്ലാ സഹകരണവും ബോർഡ് മുഖേന നൽകാവുന്നതാണ്. മാലിന്യം ശേഖരിക്കുന്നതും അവയിൽനിന്നും ജൈവമാലിന്യങ്ങൾ മാത്രമായി വേർതിരിച്ചെടുക്കുന്നതും പ്രയാസമേറിയ കാര്യമാണ്. കൂടാതെ മാലിന്യം ഒരു സ്ഥലത്ത് ശേഖരിച്ച് അവിടെ വലിയ ഒരു പ്ലാന്റ് സ്ഥാപിക്കുന്നത് പ്രാദേശികമായി ധാരാളം എതിർപ്പുകൾക്ക് ഇടയാക്കുന്ന സാഹചര്യവുമുണ്ട്. ആയതിനാൽ വികേന്ദ്രീകൃത മാർഗ്ഗങ്ങളിൽ കൂടി മാലിന്യങ്ങൾ ഉറവിടങ്ങളിൽത്തന്നെ സംസ്കരിക്കുന്നതാണ് കൂടുതൽ അഭികാമ്യം. ഓരോ വീട്ടിലേയ്ക്കും അടുക്കള മാലിന്യത്തിൽനിന്നും ജൈവ മാലിന്യം വേർതിരിച്ചെടുത്ത് അവ ഉപയോഗിച്ച് പാചകാവശ്യത്തിനുള്ള ഊർജ്ജം ഉത്പാദിപ്പിക്കുന്നതിനുള്ള ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി സബ്സിഡിയോടുകൂടി അനെർട്ട് മുഖേന നടപ്പിലാക്കിവരുന്നു. കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ അനെർട്ട് ഇത്തരത്തിലുള്ള 9369 പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതുമൂലം പ്രതിവർഷം ഒരു ലക്ഷത്തിലധികം എൽ.പി.ജി. സിലിണ്ടറുകൾ ലാഭിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ വർഷം സംസ്ഥാന പദ്ധതിയിലും കേന്ദ്ര പദ്ധതിയിലുമായി ഇത്തരത്തിലുള്ള 8200 പ്ലാന്റുകൾ സ്ഥാപിച്ചുവരുന്നു.

## വൈദ്യുതിയുടെ പ്രതിദിന ഉപഭോഗം

44 (390) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതിയുടെ പ്രതിദിനം ഉപഭോഗം എത്രയാണ് ; കേരളത്തിലെ ഓരോ വൈദ്യുത നിലയത്തിൽ നിന്നും കഴിഞ്ഞ 6 മാസമായി ഉത്പാദിപ്പിക്കുന്ന വൈദ്യുതിയുടെ അളവ്, നിലയം തിരിച്ച് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിവിധ ഉപഭോക്താക്കൾക്ക് ഏത് നിരക്കിലാണ് കെ.എസ്.ഇ.ബി. വൈദ്യുതി വിതരണം നടത്തുന്നത് ;

(സി) വൈദ്യുതിയുടെ കുറവ് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) പുറത്തുനിന്നും എത്ര രൂപ നിരക്കിലാണ് കെ.എസ്.ഇ.ബി. വൈദ്യുതി വാങ്ങുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ ; ഇത്തരത്തിൽ ഈ സാമ്പത്തിക വർഷം എത്ര രൂപയുടെ വൈദ്യുതിയാണ് പുറത്തു നിന്നും വാങ്ങിയിട്ടുള്ളത് ; എവിടെ നിന്നെല്ലാം ;

(ഇ) കൂടംകുളത്തുനിന്നും സംസ്ഥാനത്തിന് എത്ര മെഗാവാട്ട് വൈദ്യുതിക്കാണ് അർഹതയുള്ളത് ; ഇത് ലഭിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(എഫ്) സംസ്ഥാനം കടുത്ത വൈദ്യുതി പ്രതിസന്ധി നേരിടുമ്പോൾ അർഹമായ വൈദ്യുതി ലഭിക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെ ; ആയത് അടിയന്തരമായി ലഭ്യമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പ്രതിദിന ഉപഭോഗം 63 ദശലക്ഷം യൂണിറ്റാണ്. ഇത് ഈ മാസം അവസാനത്തോടെ 70 ദശലക്ഷം യൂണിറ്റാകുമെന്ന് പ്രതീക്ഷിക്കുന്നു. കഴിഞ്ഞ 6 മാസമായി ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടെ അളവ് നിലയം തിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) വിവിധ ഉപഭോക്താക്കളുടെ നിലവിലുള്ള വൈദ്യുതി നിരക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) വൈദ്യുതിയുടെ കുറവ് പരിഹരിക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട് :

(i) ജലസംഭരണികളിൽ പരമാവധി വെള്ളം സംഭരിച്ചിട്ടുണ്ട്.

(ii) കേന്ദ്രപൂളിൽ നിന്നുള്ള വൈദ്യുതിയുടെ ലഭ്യത ഉറപ്പാക്കിയിട്ടുണ്ട്.

(iii) 524 മെഗാവാട്ടോളം വൈദ്യുതി 2014 മേയ് വരെയുള്ള കാലയളവിലേക്ക് ദക്ഷിണേന്ത്യയിലെ വിവിധ വ്യാപാരികളിൽനിന്ന് വാങ്ങുന്നതിന് കരാറിലേർപ്പെട്ടിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(iv) 400 മെഗാവാട്ട് വൈദ്യുതി, 2014 മാർച്ച് മുതൽ 2017 മേയ് വരെയുള്ള കാലയളവിൽ മദ്ധ്യകാലാടിസ്ഥാനത്തിൽ വാങ്ങുന്നതിന് കരാറിലേർപ്പെട്ടിട്ടുണ്ട്.

(v) കൂടുതലായി ആവശ്യമുള്ള വൈദ്യുതി, കേരളത്തിലെ ദ്രവ ഇന്ധന നിലയങ്ങളായ KDPP, BDPP കായംകുളം BSES തുടങ്ങിയ നിലയങ്ങളിൽനിന്ന് ഉല്പാദിപ്പിച്ച് ഉപയോഗിക്കാൻ നടപടികൾ എടുത്തിട്ടുണ്ട്.

(ഡി) സംസ്ഥാനത്തിനുപുറമേനിന്നും വാങ്ങുന്ന വൈദ്യുതിയുടെ ശരാശരി നിരക്കുകൾ താഴെപ്പറയുന്നു :

| | | |
|---|---|---|
| 1 | കേന്ദ്ര നിലയങ്ങൾ | ശരാശരി 3.50 രൂപ |
| 2 | ദക്ഷിണേന്ത്യൻസംസ്ഥാനങ്ങളിൽനിന്നും വാങ്ങുന്ന വൈദ്യുതി | ശരാശരി 5.56 രൂപ |
| 3 | മദ്ധ്യകാലാടിസ്ഥാനത്തിൽ വാങ്ങുന്ന വൈദ്യുതിയുടെ ശരാശരി വില | 4.50 രൂപ |
| 4 | എക്സ്ചേഞ്ചുകളിൽനിന്നും വാങ്ങുന്ന വൈദ്യുതിയുടെ ശരാശരി വില | 5.50 രൂപ |

സാമ്പത്തിക വർഷം മാർച്ച് മാസം ഉൾപ്പെടെ സംസ്ഥാനത്തിനുപുറമേ നിന്ന് 5240 കോടി രൂപയുടെ വൈദ്യുതി വാങ്ങുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതിൽ കേന്ദ്ര നിലയങ്ങളിൽ ഏകദേശം 3621 കോടി രൂപയുടെ വൈദ്യുതിയും വൈദ്യുതി വ്യാപാരികൾ, എനർജി എക്സ്ചേഞ്ച് മുതലായവയിൽനിന്ന് 1619 കോടി രൂപയുടെ വൈദ്യുതിയുമാണ് വാങ്ങുന്നത്.

(ഇ) കുടംകുളം ആണവ നിലയത്തിന്റെ യൂണിറ്റ് 1 & 2-ൽ (2x1000 മെഗാവാട്ട്) നിന്നും 266 മെഗാവാട്ട് വൈദ്യുതിയാണ് സംസ്ഥാനത്തിന് ലഭിക്കേണ്ടത്. ഇപ്പോൾ കുടംകുളം ആണവനിലയത്തിന്റെ ഒന്നാം യൂണിറ്റിൽനിന്നും അർഹതപ്പെട്ട 133 മെഗാവാട്ട് വൈദ്യുതി കേരളത്തിന് ലഭിക്കുന്നുണ്ട്.

(എഫ്) ജലവൈദ്യുത പദ്ധതികളിൽനിന്നും കേന്ദ്രപൂളിൽനിന്നും ലഭ്യമാകുന്ന വൈദ്യുതിക്കു പുറമേ സംസ്ഥാനത്തിന് പുറത്തുനിന്നുള്ള വൈദ്യുതി വ്യാപാരികളിൽനിന്നും ഉൽപ്പാദകരിൽനിന്നും വൈദ്യുതി ലഭ്യമാക്കാനുള്ള താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2014 മാർച്ച് മുതൽ 2017 ഫെബ്രുവരി വരെ 400

LIBRARY ARCHIVES Kerala Legislative Assembly

മെഗാവാട്ട് വൈദ്യുതി പി.റ്റി.സി.സി., എൻ.യു.യു.എൻ. മുതലായ വ്യാപാരികളിൽ നിന്നും ശരാശരി 4.50 രൂപ നിരക്കിൽ ലഭ്യമാക്കുന്നതിനുള്ള കരാറിലേർപ്പെട്ടിട്ടുണ്ട്. കൂടാതെ ദക്ഷിണേന്ത്യയിലെ വിവിധ വൈദ്യുതോൽപ്പാദകരിൽ നിന്നു 523.5 മെഗാവാട്ട് വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ എനർജി എക്സ്ചേഞ്ചുകളിൽനിന്നും പരമാവധി കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

ദക്ഷിണ ഗ്രിഡിൽ S1 മേഖലയിൽനിന്നും S2 മേഖലയിലേയ്ക്ക് വൈദ്യുതി കൊണ്ടുവരുന്നതിന് പ്രസരണ ശൃംഖലയുടെ ശേഷിക്കുറവുമൂലം പ്രയാസം നേരിടുന്നുണ്ട്. തന്മൂലം രാജ്യത്തെ മറ്റ് മേഖലകളിൽനിന്നുള്ള കുറഞ്ഞ നിരക്കിലുള്ള വൈദ്യുതി സംസ്ഥാനത്തിന് ലഭിക്കാതെ പോകുന്നുണ്ട്. രാജ്യത്തിന്റെ കിഴക്കൻ മേഖലയിൽ നിന്നും പശ്ചിമ മേഖലയിൽനിന്നുമായി മധ്യകാല, ദീർഘകാല കരാർ വഴി സംസ്ഥാനത്തിന് ലഭിക്കേണ്ട വൈദ്യുതി ഇതുമൂലം എത്തിക്കാൻ കഴിയാതെ വരുന്നുണ്ട്. S1 മേഖലയിലെ ഉൽപ്പാദന നിലയങ്ങളുമായുള്ള കരാർ പ്രകാരമുള്ള വൈദ്യുതിയുടെ ലഭ്യതയിലും തന്മൂലം കുറവ് വന്നിട്ടുണ്ട്. എന്നാലും പ്രസ്തുത ഇടനാഴിയിൽ ലഭ്യമാവുന്ന പ്രസരണ ശേഷി കേരളം ഫലപ്രദമായി വൈദ്യുതി കൊണ്ടുവരുന്നതിനായി വിനിയോഗിക്കുന്നുണ്ട്. കൂടാതെ കേരളത്തിലേക്ക് വൈദ്യുതി കൊണ്ടുവരുന്ന പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി 400 കെ.വി. മൈസൂർ-അരീക്കോട് ഇരട്ട സർക്യൂട്ട് ലൈൻ നിർമ്മാണം പി.ജി.സി.ഐ.എൽ. വഴി പുരോഗമിക്കുന്നു. 400 കെ.വി. ഇടമൺ-കൊച്ചി ലൈൻ (പി.ജി.സി.ഐ.എൽ.) നിർമ്മാണ പ്രവൃത്തികൾ പുനരാരംഭിക്കുവാൻ വേണ്ട നടപടികൾ ഗവൺമെന്റ് തലത്തിൽ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ 400 കെ.വി. ഉഡുപ്പി (കർണ്ണാടക) - മൈലാട്ടി - അരീക്കോട് ഇരട്ട സർക്യൂട്ട് ലൈനും മൈലാട്ടിയിൽ ഒരു 400 കെ.വി. സബ്സ്റ്റേഷനും നിർമ്മിക്കുന്നതിനും അനുമതി ലഭിച്ചിട്ടുണ്ട്.

**രാജീവ്ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജന**

45 (391) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജീവ്ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജനയുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെ കാലയളവിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി ക്കൊണ്ടിരിക്കുന്നതെന്ന് അറിയിക്കുമോ ;

(ബി) വിശദാംശങ്ങൾ പദ്ധതി തിരിച്ച് അറിയിക്കുമോ ;

(സി) ഈ പ്രവർത്തനങ്ങൾക്കായി കേന്ദ്രസർക്കാർ എത്ര തുക വകയിരുത്തി ലഭ്യമാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ഡി) കേന്ദ്ര / സംസ്ഥാന വിഹിതമടക്കം പ്രസ്തുത പദ്ധതികൾക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന വിവരം ജില്ല തിരിച്ച് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly